LIBRARY ARCHIVES Kerala Legislative Assembly

ഭൂമി കേരളം പദ്ധതിയുടെ പുരോഗതി

163(866) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആരംഭിച്ച ഭൂമി കേരളം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുതപദ്ധതി എന്ന് മുതലാണ് ആരംഭിച്ചതെന്നും ഏതെല്ലാം വില്ലേജുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും സർവ്വേ നടപടികൾ സമയബന്ധിതമായി തീർക്കുന്നതിനും പദ്ധതി സഹായകരമായിട്ടുണ്ടോ ;

(ഡി) ഇതിനകം എത്ര വില്ലേജുകളിൽ പ്രസ്തുത പദ്ധതിപ്രകാരം റീസർവ്വേ നടപടികൾ പൂർത്തിയാക്കി എന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ ;

(ഇ) ബാക്കിയുള്ള വില്ലേജുകളിൽ സർവ്വേ നടപടികൾ എന്നേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭൂമികേരളം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്തെ മുഴുവൻ റീ-സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു വേണ്ടിയാണ് 17-10-2008-ലെ G.O.(MS) 346/2008/RD-നമ്പർ ഉത്തരവ് പ്രകാരം 2008-ൽ ഭൂമികേരളം പദ്ധതി ആരംഭിച്ചത്.

(സി) ഉണ്ട്.

(ഡി) മലപ്പുറം ജില്ലയിലെ മേൽമുറി വില്ലേജിലെ ഫീൽഡ് ജോലി പൂർത്തിയാക്കി 9(2) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഇ) ബാക്കിയുള്ള വില്ലേജുകളിൽ സർവ്വേ നടപടികൾ ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഭൂമി കേരളം പദ്ധതി

164(867) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെ ഭൂമി കേരളം എന്ന പദ്ധതിക്ക് രൂപം നൽകിയത് എന്നായിരുന്നു ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 604 വില്ലേജുകളിൽ സർവ്വേ നടപടികൾ പൂർത്തിയാക്കേണ്ടിയിരുന്നിടത്ത് ഇതിനകം നടപടികൾ പൂർത്തിയായത് കേവലം രണ്ട് വില്ലേജുകളിൽ മാത്രമാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഈ സർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുപുറമേ മറ്റെന്തൊക്കെ പ്രവർത്തനങ്ങളാണ് പദ്ധതിയുടെ പ്രഖ്യാപിതലക്ഷ്യമായി ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവയിൽ ഇതിനകം പൂർത്തിയായ പദ്ധതികൾ ഏതൊക്കെ ; മറ്റ് പദ്ധതികൾ ഓരോന്നും ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ഇ) ഭൂമി കേരളം പദ്ധതിയുടെ നടത്തിപ്പിനായി ഇതിനകം എത്ര രൂപ ചെലവഴിച്ചു ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 17-10-2008-ലെ G.O. (MS) No 346/2008/RD പ്രകാരം 'ഭൂമി കേരളം' എന്ന പദ്ധതിക്ക് രൂപം നൽകി.

(ബി) ഉണ്ട്. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് സർവ്വേനടപടികൾ നടത്തുന്നതിന് തുടക്കം എന്ന നിലയ്ക്ക് വിദഗ്ദ്ധ പരിശീലനം ലഭ്യമായ ജീവനക്കാരുടെ അഭാവംമൂലമാണ് സർവ്വേ നടപടികൾക്ക് കാലതാമസം നേരിട്ടത്. ഭൂമികേരളം പദ്ധതി ആരംഭകാലത്ത് തന്നെ പ്രോജക്ടിൽ നിയമിച്ചിരുന്ന 80%-ൽ കൂടുതൽ ജീവനക്കാരെയും വനാവകാശ സർവ്വേ, ചെങ്ങറ സർവ്വേ, വിവിധ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർവ്വേ, മുതലായ സ്പെഷ്യൽ വർക്കുകൾക്ക് നിയോഗിക്കേണ്ടിവന്നതും സർവ്വേ നടപടികൾക്ക് കാലതാമസം ഉണ്ടാക്കി.

(സി) ആദിവാസി സർവ്വേ, ഹാരിസൺ മലയാളം കമ്പനിയുടെ കൈവശമുള്ള ഭൂമി സർവ്വേ മുതലായ സ്പെഷ്യൽ പ്രോജക്ടുകളും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

(ഡി) SC/ST വകുപ്പിന്റെ നിർദ്ദേശപ്രകാരമുള്ള ആദിവാസി ഭൂമി സർവ്വേ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്, ചെങ്ങറ സർവ്വേ, അലീഗഢ് യൂണിവേഴ്സിറ്റി മുതലായവയുടെ സർവ്വേ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, പോലീസ് ഹെഡ്ക്വാർട്ടേഴ്സ് വെള്ളയമ്പലം, പുൽമേട് ദുരന്തബാധിത പ്രദേശത്തെ കോണ്ടൂർസർവ്വേ മുതലായ പ്രോജക്ടുകൾ ഭൂമികേരളം പദ്ധതിയുടെ കീഴിൽ അന്തിമഘട്ടത്തിലാണ്.

(ഇ) ഭൂമികേരളത്തിന് കേന്ദ്രാവിഷ്കൃത പദ്ധതി 50% സി. എസ്.എസ്. ഇനത്തിൽ 2008-2009 സാമ്പത്തിക വർഷം രണ്ട് കോടി നാൽപ്പത്തിനാല് ലക്ഷത്തി അമ്പതിനായിരം രൂപ ലഭിക്കുകയുണ്ടായി. ടി തുകയിൻമേലുള്ള ഇനം തിരിച്ചുള്ള ചെലവ് സംബന്ധിച്ചുള്ള വിവരം അനുബന്ധം 1 ആയി

LIBRARY ARCHIVES Kerala Legislative Assembly

ചേർത്തിരിക്കുന്നു.* 2009-2010 സാമ്പത്തിക വർഷം മുൻവർഷങ്ങളിൽ ഉപയോഗിക്കാത്ത 50% കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ബാക്കി നീക്കിയിരുപ്പുള്ള ആകെ തുകയായ മുന്ന് കോടി അൻപത്തിരണ്ടത് ലക്ഷത്തി പതിനായിരം രൂപ അനുവദിക്കുകയുണ്ടായി. ടി തുകയിൻമേലുള്ള ഇനം തിരിച്ചുള്ള ചെലവ് സംബന്ധിച്ചുള്ള വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.* 2009-2010 സാമ്പത്തിക വർഷം എൻ.എൽ.ആർ.എം.പി.-യുടെ കീഴിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും ആറുകോടി മുപ്പത്താറ്ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. ടി. തുകയിൻമേലുള്ള ഇനം തിരിച്ചുള്ള ചെലവ് സംബന്ധിച്ചുള്ള വിവരം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

ഭൂമി കേരളം പദ്ധതിപ്രകാരം പൂർത്തിയാക്കിയ റീസർവ്വേ

165(868) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീസർവ്വേയുമായി ബന്ധപ്പെട്ട ഭൂമി കേരളം പദ്ധതിപ്രകാരം കേരളത്തിൽ എത്ര വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നാളിതുവരെ നടന്ന പ്രവൃത്തികളുടെ അവലോകന റിപ്പോർട്ട് ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(സി) ഈ പദ്ധതിക്കായി നാളിതുവരെ വിനിയോഗിച്ച തുകയെത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതിക്കുവേണ്ടി കേന്ദ്രസർക്കാർ എത്ര തുക ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഇ) ഈ പദ്ധതിക്കായി സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഭൂമികേരളം പദ്ധതി പ്രകാരം സർവ്വേ നടപടികൾ പൂർത്തിയാക്കിയ വില്ലേജുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഭൂമികേരളം പദ്ധതിയുടെ കീഴിൽ വനാവകാശ സർവ്വേ, ചെങ്ങറ പുനരധിവാസ സർവ്വേ, അലിഗഢ് യൂണിവേഴ്സിറ്റി സ്ഥലമെടുപ്പ് സർവ്വേ പുൽമേട് ദുരന്തസ്ഥലം സർവ്വേ, പോലീസ് ഹെഡ്കാർട്ടേഴ്സ്, വെള്ളയമ്പലം, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് തുടങ്ങി നിരവധി സ്പെഷ്യൽ ജോലികൾ ഏറ്റെടുത്ത് പൂർത്തിയാക്കിയതിനാൽ റീ-സർവ്വേ ജോലികൾക്ക് ഉദ്ദേശിച്ച പുരോഗതി കൈവരിക്കാനായില്ല.

(ബി) ഭൂമികേരളം പദ്ധതിയുടെ നാളിതുവരെയുള്ള പ്രവൃത്തികളുടെ അവലോകനങ്ങൾ അനുബന്ധം ഒന്ന് ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly